**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4446** **19-07-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ സാമൂഹ്യ പഠനമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ പഠനമുറി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ ആല്പംമൂട്, താന്നിമൂട്, പോട്ടോമാവ്, ഇലഞ്ചീയം, കാക്കോട്ടുകുന്ന്, ഈയ്യക്കോട്, കുറുപ്പൻകാല, വട്ടപ്പൻകാട് എന്നിവിടങ്ങളിൽ സാമൂഹ്യപഠനമുറികൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിൽ ഇതിന് വേണ്ടി എത്ര തുകയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാമനപൂരം മണ്ഡലത്തിൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.<br>2021-22 വർഷം - 9,99,798/- രൂപ<br>2022-23 വർഷം - 3,08,106/- രൂപ |
| (സി) | മണ്ഡലത്തിൽ കൂടുതൽ പഠനമുറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പഠനമുറി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വകുപ്പ് നടപ്പിലാക്കുന്ന സാമൂഹിക പഠനമുറി കേന്ദ്രങ്ങൾ ആവശ്യമായി വരുന്ന പക്ഷം അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ